വ്യക്തമായിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ റോഡിൽ കേബിളുകൾ ഇട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ

358(3283) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ :

(ബി) റോഡുകളുടെ 2014-15 വർഷത്തെ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്ത് തീർക്കാത്ത എത്ര റോഡുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടെ 119 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. ടാർ ലഭ്യത കുറവായതിനാൽ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ടാറിന്റെ ലഭ്യതയ്ക്കനുസരിച്ച് പാച്ച്‌വർക്കുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. 65 റോഡുകൾ പാച്ച് വർക്കുകൾ ചെയ്ത് തീർക്കുവാനുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു. ഈ റോഡിന്റെ അറ്റകുറ്റപണികൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ യഥാസമയം ചെയ്ത് റോഡ് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. റോഡിൽ കേടുപാടുകൾ വരുന്ന മുറയ്ക്ക് അവയും നന്നാക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ദേശീയപാത തലപ്പാടി മുതൽ കാലിക്കടവ് വരെയാണ്. കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതൽ ഉപ്പള വരെ റോഡിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി നടന്നു വരുന്നു. ഉപ്പള മുതൽ പെർവാഡ് വരെയുള്ള ഭാഗം കരാറുകാരുടെ ഗ്യാരണ്ടി പിരിയഡിൽ ഉൾപ്പെട്ടുന്നതാണ്. കേടുപാടുകൾ തീർത്ത് റോഡ് ശരിയാക്കിത്തരുവാൻ വേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം കരാറുകാരന് നൽകിയിട്ടുണ്ട്. പെർവാഡ് മുതൽ അണങ്കൂർ വരെ റോഡിന് കേടുപാടുകൾ ഒന്നുംതന്നെ ഇല്ല. അണങ്കൂർ മുതൽ ചെർക്കള വരെ ഉപരിതലം പുതുക്കൽ പ്രവൃത്തി കരാർ നൽകിയിരിക്കുകയാണ്. റോഡിലെ കുഴികൾ അടച്ചിട്ടുണ്ട്. ചെർക്കളമുതൽ ചട്ടഞ്ചാൽവരെ റോഡിന് കേടുപാടുകൾ ഒന്നും തന്നെയില്ല. ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 19.20 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡ് പ്രവൃത്തി തുടങ്ങുവാനുള്ള നടപടി ആരംഭിക്കുന്നതാണ് ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ 4 സ്ഥലങ്ങളിൽ കേടുപാടുകൾ വന്നിട്ടുണ്ട്. ഇതിന് 33.90 ലക്ഷം രൂപയുടെ 4 എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിന്റെ മഴക്കെടുതി നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി അരംഭിക്കുന്നതാണ്. നീലേശ്വരം മുതൽ കാലിക്കടവ് വരെയുള്ള ഭാഗങ്ങളിൽ കുഴികൾ ഒന്നും തന്നെയില്ല. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(2900, 2901, 2904, 2910, ,2911, 2912, 2914, 2921, 2948, 2977, 2993, 3009, 3029, 3032, 3033, 3034, 3035, 3036, 3037, 3045, 3046, 3047, 3049, 3118, 3142, 3148 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly